
ഡോ. അസീസ് തരുവണ

# മലപ്പുറത്തിന്റെ അറബി, അറബി-മലയാളപാരമ്പര്യം




സമ്പന്നമായ ഭൂതകാലചരിത്രമുള്ള ഭൂപ്രദേശമാണ് മലപ്പുറം ജില്ല. 1969-ലാണ് രൂപംകൊണ്ടതെങ്കിലും ഏറനാടിനോടും വള്ളുവനാടിനോടും ചേർന്നുകിടക്കുന്ന ഈ ദേശത്തിന് നൂറ്റാണ്ടുകൾ നീളുന്ന സാംസ്കാരിക പാരമ്പര്യമുണ്ട്. ഖണ്ഡിതമായി പറയുവാനുള്ള രേഖകൾ ലഭ്യമല്ലെങ്കിലും, ആയിരത്താണ്ടുകൾക്കു മുമ്പേ ഈ പ്രദേശത്ത് ജനവാസമാരംഭിച്ചു എന്നനുമാനിക്കാവുന്ന നിരവധി തെളിവുകൾ ലഭ്യമാണ്.[1]

മലപ്പുറം ജില്ലയുടെ പടിഞ്ഞാറുഭാഗത്തെ എൺപതോളം കിലോമീറ്റർ തീരദേശമാണ്. പശ്ചിമഘട്ടമലനിരകളിൽനിന്ന് ആരംഭിച്ച് അറബിക്കടലിലേക്ക് ഒഴുകിയെത്തുന്ന നിളാനദി മലപ്പുറത്തിന്റെ പ്രാചീനസംസ്കൃതിയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഈ പ്രദേശത്ത് സമ്പൽസമൃദ്ധമായ കാർഷികസംസ്കൃതി തഴച്ചുവളരുന്നതിൽ നിളയും നിളയിലേക്ക് ഒഴുകിയെത്തുന്ന നിരവധി ചെറുജലധാരകളും പങ്കുവഹിച്ചിട്ടുണ്ട്.

പൊന്നാനി, പരപ്പനങ്ങാടി തുറമുഖങ്ങളിൽ ഒരുകാലത്ത് വിദേശ കച്ചവടക്കാർ നങ്കൂരമിട്ടിരുന്നു. അവരിൽ, കേരളവുമായി ദീർഘനാളത്തെ വ്യാപാരബന്ധമുണ്ടായിരുന്ന അറബികളെ തദ്ദേശീയർ ജാതി, മത പരിഗണനകൾക്കതീതമായി മനസ്സുതുറന്നു സ്വീകരിച്ചു. അവരുടെ മതവും ഭാഷയും സംസ്കാരവും സ്വീകരിക്കുവോളം ആ ആത്മബന്ധം വളർന്നു.

മലപ്പുറത്തിന്റെ എഴുത്തുപാരമ്പര്യത്തെ പഠനവിധേയമാക്കുമ്പോൾ മൂന്നുതരം ലിഖിതസാഹിത്യരൂപങ്ങളെ പരിഗണിക്കേണ്ടതുണ്ട്. അറബി, അറബി-മലയാളം, മലയാളം എന്നിവയാണവ. ഇവയുടെ സമന്വയത്തിൽനിന്ന് ഉയിരെടുത്ത സവിശേഷമായ, മലപ്പുറത്തെ പദസമ്പന്നമായ വാമൊഴിരൂപത്തെപ്പറ്റി അക്കാദമിക് ഗവേഷണങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. മുസ്‌ലിംകളാണ് ഈ വാമൊഴിവഴക്കത്തിന്റെ വാഹകരിൽ പ്രധാനികളെങ്കിലും ദലിത്-കീഴാള-ഹൈന്ദവ വിഭാഗങ്ങളെയും ഈ വാമൊഴിവഴക്കം സ്വാധീനിച്ചതായി കാണാം.

അറബി, അറബി-മലയാളം എന്നിവകളിൽ രചന നിർവ്വഹിച്ച, ഈ പ്രദേശത്തെ എഴുത്തുകാരെ സംക്ഷിപ്തമായി പരിചയപ്പെടുത്തുകയാണ് ഈ പ്രകരണത്തിൽ. അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ നിരവധി എഴുത്തുകാർ ഈ ജില്ലയുടെ ഭൂപരിധിക്കുള്ളിൽ പല കാലത്തായി ജീവിച്ചിട്ടുണ്ട്. അവരിൽപ്പെട്ട മുഴുവൻ എഴുത്തുകാരെയും അവരുടെ കൃതികളെയും പരിചയപ്പെടുത്തുക അസാദ്ധ്യമാകയാൽ സുപ്രധാനികളായ ഏതാനും പേരെ പരിചയപ്പെടുത്തുകയാണു ചെയ്യുന്നത്.



*ഇബ്നു ഹജറുൽ ഹൈതമി*

**അറബി സാഹിത്യപാരമ്പര്യം**

അറബികളിലൂടെയാണ് ഇസ്‌ലാം കേരളത്തിൽ എത്തിച്ചേർന്നത്. അതിനാൽ അറബിഭാഷയും സാഹിത്യവും കേരളീയ മുസ്‌ലിംകൾക്ക് എക്കാലത്തും സുപരിചിതമായിരുന്നു. മദ്ധ്യകാലഘട്ടത്തിൽ കേരളത്തിൽ പലേടത്തും അറബികളായ പണ്ഡിതന്മാർ പള്ളികളിൽ ഖത്തീബുമാരായി സേവനമനുഷ്ഠിച്ചിരുന്നു. അവരിൽ ആഫ്രിക്കക്കാരുൾപ്പെടെ വിവിധ അറബുരാജ്യങ്ങളിൽനിന്നുള്ളവർ ഉണ്ടായിരുന്നുവെന്ന് ചരിത്രം. കച്ചവടക്കാരായും സഞ്ചാരികളായും എത്തിച്ചേർന്ന അറബികളും കേരളീയരും തമ്മിൽ ഊഷ്മളമായ ബന്ധമാണ് നിലനിന്നിരുന്നത്.

ഇതേസമയം, അറബുദേശങ്ങളിലേക്ക് പലവിധ ആവശ്യങ്ങളുമായി പോയ മലയാളി മുസ്‌ലിംകൾ അനവധിയാണ്. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ, മക്കയിലും മദീനയിലും ഈജിപ്തിലെ അൽ-അസ്ഹർ സർവ്വകലാശാലയിലും പോയി വിദ്യ അഭ്യസിച്ചവർ പോലും കേരളത്തിൽ, വിശിഷ്യാ മലപ്പുറത്തുണ്ട്. അവരിൽ ചിലരെങ്കിലും അവിടങ്ങളിൽ അദ്ധ്യാപനം നടത്തിയിട്ടുണ്ട്. അവ്വിധംതന്നെ, കേരളത്തിലെ മക്ക എന്നറിയപ്പെട്ടിരുന്ന പൊന്നാനി സന്ദർശിച്ച പരദേശ പണ്ഡിതന്മാരുടെയും എഴുത്തുകാരുടെയും സംഖ്യ അത്ഭുതപ്പെടുത്തുന്നതാണ്. ഇസ്‌ലാമികചരിത്രത്തിലെ മഹാ ജ്ഞാനിയും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ ഇബ്നു ഹജറുൽ ഹൈതമി പൊന്നാനിയിൽ വന്ന് മാസങ്ങളോളം താമസിക്കുകയും അദ്ധ്യാപനം നടത്തുകയും ചെയ്തതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇബ്നു ഹജർ തന്റെ കൈപ്പടയിലെഴുതി ഒപ്പിട്ട ഒരു ഫത്വ (മതവിധി) യുടെ പ്രതി കോഴിക്കോട് ചാലിയത്തെ ശിഹാബുദ്ദീൻ അഹ്മദ് കോയ ശാലിയാത്തിയുടെ ലൈബ്രറിയിൽ ഇന്നും സൂക്ഷിച്ചുവരുന്നു.

മലപ്പുറത്തിന്റെ അറബുരചനാപാരമ്പര്യം പൊന്നാനിയുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. പൊന്നാനിയിലെ മഖ്ദൂം കുടുംബത്തെ മാറ്റിനിർത്തി രചിക്കപ്പെടുന്ന കേരള സാംസ്കാരികചരിത്രം പോലും അപൂർണ്ണമായിരിക്കും. അത്രമേൽ അഗാധമാണ് പൊന്നാനി പണ്ഡിതന്മാരുടെ, വിശിഷ്യാ മഖ്ദൂമീങ്ങളുടെ സാംസ്കാരിക സംഭാവനകൾ.

പൊന്നാനി മഖ്ദൂം പണ്ഡിതന്മാരിൽ പ്രഥമഗണനീയനാണ് ശൈഖ് സൈനുദ്ദീൻ മഖ്ദൂം കബീർ (1467–1522). ജ്ഞാനിയും സൂഫിവര്യനുമായ ഇദ്ദേഹത്തെക്കുറിച്ചുള്ള ഒരു വിശേഷണം, 'ശരിഅത്തി(മതനിയമം)ന്റെ കപ്പലിൽ യാത്രചെയ്ത് തരീഖത്തി(സൂഫി മാർഗ്ഗം)ന്റെ സമുദ്രത്തിൽ മുങ്ങി ഹഖീഖത്തി(ദിവ്യജ്ഞാനം)ന്റെ മുത്തുമണികൾ തപ്പിയെടുത്ത പണ്ഡിതൻ' എന്നാണ്. മക്കയിലും ഈജിപ്തിലെ അൽ അസ്ഹറിലും വിദ്യ അഭ്യസിച്ച ഇദ്ദേഹം, ഒരുപക്ഷേ, കേരളത്തിൽനിന്ന് വിദേശത്തു പോയി വിദ്യ അഭ്യസിച്ച ആദ്യത്തെ മലയാളിയായിരിക്കണം. പഠനാനന്തരം ഈജിപ്തിൽനിന്നും തിരിച്ചെത്തിയ അദ്ദേഹം പൊന്നാനിയെ ഒരു വൈജ്ഞാനിക കേന്ദ്രമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. അക്കാലത്താണ് പോർച്ചുഗീസുകാർ കേരളത്തിലെത്തിയത്. പോർച്ചുഗീസ് അധിനിവേശത്തിനെതിരേ ഇദ്ദേഹം രചിച്ച *തഹ് രീള്* എന്ന കാവ്യം പ്രസിദ്ധമാണ്. ഒരുപക്ഷേ, സാമ്രാജ്യശക്തികൾക്കെതിരേ ലോകത്ത് രചിക്കപ്പെട്ട ആദ്യ കൃതിയായിരിക്കാം *തഹ് രീള്*. നല്ലൊരു കവികൂടിയായിരുന്നു ഇദ്ദേഹം. അറബിഭാഷയിൽ നിരവധി കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. *ശംസുൽ ഹുദാ, മുർശിദുത്തുല്ലാബ്, സിറാജുൽ ഖുലൂബ്, കിതാബു സ്സഫാ, ഹാശിയത് അലൽ ഇർശാദ്* മുതലായവ പ്രധാന കൃതികൾ:

സൈനുദ്ദീൻ മഖ്ദൂം ഖബീറിന്റെ മകനും പണ്ഡിതനുമായ ശൈഖ് അബ്ദുൽ അസീസ് മഖ്ദൂം (1508–1586) അധിനിവേശവിരുദ്ധ പോരാളിയും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. പോർച്ചുഗീസുകാർക്കെതിരേയുള്ള പോരാട്ടത്തിൽ സാമൂതിരിക്കൊപ്പം നിന്നു പടപൊരുതിയിട്ടുണ്ട് ഇദ്ദേഹം. *മിർഖാതുൽ ഖുലൂബ്, അർകാനുൽ ഈമാൻ, മസ്‌ലകുൽ അദ് ഖിയാ, ഇർശാദുൽ അലിബ്ബാഹ്, മുതഫരിദ്* തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

കേരള ചരിത്രരചയിതാക്കളിൽ പ്രഥമഗണനീയനായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം സഗീർ (1524–1619) നിരവധി ബൃഹദ് കൃതികളുടെ കർത്താവാണ്. പൊന്നാനിയിലാണ് ഇദ്ദേഹത്തിന്റെ ജനനം. ശൈഖ് മുഹമ്മദുൽ ഗസ്സാലിയാണ് പിതാവ്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പൊന്നാനി വലിയ ജുമാമസ്ജിദിൽ പഠനത്തിനായി എത്തിച്ചേർന്നു. പണ്ഡിതനും ഗ്രന്ഥകാരനുമായ ശൈഖ് അബ്ദുൽ അസീസ് മഖ്ദൂമിന്റെ കീഴിൽ ഏതാനും വർഷം പഠനം നടത്തി. തുടർന്ന് ഉപരിപഠനാർത്ഥം മക്കയിലേക്ക് പോയി. പത്തുവർഷത്തോളം ലോകപ്രസിദ്ധ ഇസ്‌ലാമികപണ്ഡിതന്മാരുടെ ശിഷ്യനായി പല വൈജ്ഞാനിക മേഖലകളിലും വ്യുല്പത്തി നേടി. അക്ബർ ചക്രവർത്തി, ബിജാപൂർ സുൽത്താന്മാർ, സാമൂതിരി രാജാവ് എന്നിവരുമായും ഇദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു. പോർച്ചുഗീസ് അധിനി

> **മലപ്പുറത്തിന്റെ അറബുരചനാപാരമ്പര്യം പൊന്നാനിയുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. പൊന്നാനിയിലെ മഖ്ദൂം കുടുംബത്തെ മാറ്റിനിർത്തി രചിക്കപ്പെടുന്ന കേരള സാംസ്കാരികചരിത്രം പോലും അപൂർണ്ണമായിരിക്കും.**

വേശത്തിനെതിരേ രചിക്കപ്പെട്ട *തുഹ്ഫത്തുൽ മുജാഹിദ്ദീൻ* (പോരാളികൾക്കൊരു പാരിതോഷികം) എന്ന ഗ്രന്ഥം സമർപ്പിച്ചത് ബിജാപൂർ സുൽത്താന്റെ പേരിലാണ്. ഈ സുൽത്താൻ പോർച്ചുഗീസ് അധിനിവേശത്തിനെതിരേ പടപൊരുതിയ ഭരണാധികാരിയാണ്.


പൊന്നാനി മഖ്ദൂം പണ്ഡിതന്മാരിൽ ഏറ്റവും പ്രസിദ്ധൻ സൈനുദ്ദീൻ മഖ്ദൂം സഗീറാണ്. ഇദ്ദേഹത്തിന്റെ കൃതികൾ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ അറബുലോകത്തടക്കം പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിന്റെ *ഫത്ഹുൽ മുഈൻ, ഇർശാദുൽ ഇബാദ്* എന്നീ കൃതികൾ ഇസ്‌ലാമികകർമ്മശാസ്ത്രമേഖലയിൽ വിശ്വപ്രസിദ്ധമാണ്. *തുഹ്ഫത്തുൽ മുജാഹിദ്ദീൻ* എന്ന പോർച്ചുഗീസ് അധിനിവേശവിരുദ്ധഗ്രന്ഥം കേരള ചരിത്ര പഠിതാക്കൾക്കു മാറ്റിനിർത്താനാവാത്ത ആധികാരിക ചരിത്ര ഗ്രന്ഥമാണ്. ഇദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും പ്രസിദ്ധം ഇവയാണ്: *തുഹ്ഫത്തുൽ മുജാഹിദ്ദീൻ, ഇർശാദുൽ ഇബാദ്, ഖുർറതുൽ അയ്ൻ, മൻഹജുൽ വാളിഹ്.*

കവിയും പോരാളിയും സൂഫിയും ജ്ഞാനിയുമായിരുന്നു ഉമർ ഖാളി (1763–1852). കൊളോണിയൽ അധിനിവേശത്തിനെതിരേയും പ്രമാണിത്തം ചമയുന്നവർക്കെതിരേയും പോരാടിയ അദ്ദേഹത്തെ നികുതി നൽകരുതെന്ന് പ്രഖ്യാപിച്ചതു കാരണം ബ്രിട്ടീഷ് അധികാരികൾ ജയിലിലടച്ചു. ''മരിക്കാൻ വേണ്ടിയാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്. എന്നാൽ സന്മാർഗ്ഗചാരിക്കിഷ്ടം ദൈവികമാർഗ്ഗത്തിൽ മരിക്കാനാണ്,'' ജയിലിൽവെച്ച് തന്റെ ആത്മീയ ഗുരു മമ്പുറം തങ്ങൾക്കെഴുതിയ കത്തിൽ അദ്ദേഹം നയം വ്യക്തമാക്കി. ഈ കത്തിനെക്കുറിച്ചറിഞ്ഞ ജനം ഒരു സായുധസമരത്തിനു സന്നദ്ധമായി; പലേടത്തും ചെറുസമരങ്ങൾ രൂപപ്പെട്ടു. ഇത് തങ്ങൾക്കെതിരേയുള്ള വൻ ജനകീയ പ്രക്ഷോഭമായി രൂപാന്തരപ്പെടുമെന്ന് തിരിച്ചറിഞ്ഞ ബ്രിട്ടീഷ് അധികാരികൾ ഉമർ ഖാളിയെ ജയിൽവിമുക്തനാക്കി. *നഫാഇസുമുറർ, മഖാസി ദുന്നാ കാഹ്, ഖസീദ ഫീ നഹസിൽ അയ്യാം, ഖസീദ ഉമരിയ്യ, ഖസീദ ലമ്മാളഹറ* എന്നിവ പ്രധാനകൃതികൾ.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ജീവിച്ച പണ്ഡിതനും കവിയുമാണ് പഴയകത്ത് മമ്മിക്കുട്ടി മുസ്‌ലിയാർ. പൊന്നാനി കേന്ദ്രീകരിച്ചായിരുന്നു ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ.

പ്രധാനകൃതികൾ ഇവയാണ്: *അഹ്മദ് ബദവി മൗലീദ്, ശൈഖ് പുറത്തിൽ മൗലീദ്, ശൈഖ് ഹംസ മൗലീദ്, ഉംദ തുത്തഹ് രീഫ്.*

ഉദ്ദാരം ഇസ്മാഈൽ മുസ്‌ലിയാർ (1856–1938) ജന്മംകൊണ്ട് കാസർകോട് ജില്ലക്കാരനാണെങ്കിലും ജീവിതത്തിന്റെ മുക്കാൽ ഭാഗവും പൊന്നാനിയിലും പരിസരപ്രദേശങ്ങളിലും ചെലവഴിച്ച സാഹിത്യകാരനും സൂഫീവര്യനുമാണ്. ഉപരിപഠനം പൊന്നാനി ജുമാ മസ്ജിദിലായിരുന്നു. *മൗലീദ് ശാദുലി, മൗലീദു അലി, കിതാബ് ഔറാദ്, അഹ്ദൽ, നള്മ് മത്തുൽ ഹികം* എന്നിവ പ്രധാനകൃതികൾ.



*മമ്പുറം സയ്യിദ് ഫസൽ പൂക്കോയ*

ഇസ്മായിൽ മുസ്‌ലിയാരുടെ മകനായ വളപ്പിൽ ബാവ മുസ്‌ലിയാരും (1890–1966) അറിയപ്പെടുന്ന അറബികവിയും സൂഫീവര്യനുമായിരുന്നു. ജനിച്ചതും വളർന്നതും പൊന്നാനിയിലാണ്. ഗ്രന്ഥകാരൻ എന്ന നിലയിലാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹം രചിച്ച മൗലീദുകൾ (പ്രകീർത്തന കാവ്യങ്ങൾ) ഏറെ പ്രശസ്തമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലെ ഉജ്ജ്വല അദ്ധ്യായമാണ് മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ (1824–1901) സമരോത്സുക ജീവിതം. ബ്രിട്ടീഷുകാർക്കെതിരേയും ജന്മിത്വത്തിന്റെ മനുഷ്യത്വവിരുദ്ധതക്കെതിരായും ജീവിതാന്ത്യംവരെ പോരാടിയ ഫസൽ പൂക്കോയ തങ്ങൾ ഒരു മികച്ച അറബി എഴുത്തുകാരൻ കൂടിയായിരുന്നു. മറ്റൊരർത്ഥത്തിൽ, പത്തൊൻപതാം നൂറ്റാണ്ടിലെ, മലബാറിലെ പ്രമുഖ ബുദ്ധിജീവിയും പോരാളിയുമാണ് മമ്പുറം ഫസൽ പൂക്കോയ തങ്ങൾ. 1824-ലാണ് ജനനം. കൊളോണിയൽവിരുദ്ധ പോരാളികളിൽ പ്രമുഖനും ജ്ഞാനിയുമായിരുന്ന മമ്പുറം സയ്യിദ് അലവിയാണ് പിതാവ്. കൊയിലാണ്ടി സ്വദേശിയായ ഫാത്തിമയാണ് മാതാവ്. 1844-ൽ ഹജ്ജ് കർമ്മത്തിനായി മക്കയിലേക്കു പുറപ്പെട്ടു. തുടർന്ന് അഞ്ചുവർഷക്കാലം പഠനഗവേഷണങ്ങളിൽ മുഴുകി അറേബ്യയിൽ ചെലവഴിച്ചു. സാമ്രാജ്യത്വ ശക്തികൾ വിവിധരാജ്യങ്ങളിലേക്ക് അധിനിവേശം നടത്തിക്കൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും മക്കയിൽ ഹജ്ജിനും മറ്റും എത്തിച്ചേർന്നിരുന്നവരിൽനിന്നും സാമ്രാജ്യത്വ ഇടപെടലുകളുടെ അന്തർദ്ദേശീയാവസ്ഥ തിരിച്ചറിയുവാൻ ഫസൽ പൂക്കോയ തങ്ങൾക്ക് കഴിഞ്ഞു. 1849-ൽ അദ്ദേഹം മലബാറിൽ തിരിച്ചെത്തി. തുടർന്ന്, സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരേ പോരാടേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് അദ്ദേഹം ജനങ്ങളെ നിരന്തരം ഉദ്ബോധിപ്പിച്ചു. 1852 ഫെബ്രുവരി 12-ന് ഇറക്കിയ മദ്രാസ് ഗവൺമെന്റ് ഉത്തരവുപ്രകാരം, ഭരണകൂടത്തിന് നിരന്തരം വെല്ലുവിളികൾ സൃഷ്ടിച്ചിരുന്ന സയ്യിദ് ഫസലിനെ നാടുകടത്താൻ തീരുമാനിച്ചു. 1852 മാർച്ച് 19-ന് സയ്യിദ് ഫസൽ നാടുകടത്തപ്പെട്ടു.

ഇരുപത്തഞ്ചോളം അറബിഗ്രന്ഥങ്ങളുടെ കർത്താവാണ് അദ്ദേഹം. കോളനിവിരുദ്ധ പോരാട്ടത്തിന് ആശയപരമായ അടിത്തറ പാകിയ

*ഉദ്ദത്തുൽ ഉമറ* എന്ന ഗ്രന്ഥം അറബ് ലോകത്തടക്കം ചർച്ചചെയ്യപ്പെട്ട കൃതിയാണ്. ഇൻഡോ-അറബ് പണ്ഡിതന്മാർ കോളനിഭരണത്തിനെതിരേ നൽകിയ ഫത്‌വകളുടെ സമാഹാരമാണീ ഗ്രന്ഥം. *അലാമൻ യുവാറിൽ ഖുഫാർ* എന്ന കൃതിയിൽ, ഒരു ബഹുമതസമൂഹത്തിൽ മുസ്‌ലിംകൾ എങ്ങനെ ഇതരമതസ്ഥരോട് സാമൂഹികബന്ധം സ്ഥാപിക്കണമെന്നതിനെക്കുറിച്ചും ഇസ്‌ലാം ഉദ്ഘോഷിക്കുന്ന സഹിഷ്ണുതയെപ്പറ്റിയുമാണ് പ്രതിപാദിക്കുന്നത്. *അസാബുൽ ഇസ്‌ലാം തഖിയത്തിൽ ബത്തന ത്വരീഖു അൽ ഹനീഫ, ഉലുൽ ഇഹ്സാൻ ലിസ്‌ലാം, ഫു യൂസാത്തൂൽ ഇലാഹിയ, ത്വരീഖത്തുൻ ഹനീഫ (തസ്സ്വവുഫ്) കൗകബുദ്ദുറർ (തസ്സ്വഫുഫ്) ഹുലലുല് ഇഹ്സാൻ ലി തഹ്സീനിൽ ഇൻസാൻ (തസ്സ്വവുഫ്) അസാസുൽ ഇസ്‌ലാം, ഫുസൂസാതുൽ ഇസ്‌ലാം, തൻബീഹുൽ ഗാഫിലീൻ, അദ്ദുറുൽ മൻസൂം* എന്നിവയും അദ്ദേഹത്തിന്റെ കൃതികളാണ്.

എല്ലാ അർത്ഥത്തിലും, തികഞ്ഞ ബുദ്ധിജീവിയായിരുന്ന സയ്യിദ് ഫസൽ അവസാനകാലത്ത് തുർക്കിയിലാണ് ജീവിച്ചത്. അദ്ദേഹം സുഫാറിലെ ഗവർണറായും തുർക്കി ഭരണാധികാരി സുൽത്താൻ അബ്ദുൽ ഹമീദിന്റെ ക്യാബിനറ്റിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 77-ാമത്തെ വയസ്സിൽ ഇസ്താംബൂളിൽവെച്ചാണ് മരണപ്പെട്ടത്.

പൊന്നാനിയിൽ ജീവിച്ച പ്രമുഖനായ അറബി കവിയാണ് കറുപ്പാക്കവീട്ടിൽ അബ്ദുള്ള കുട്ടി മുസ്‌ലിയാർ (1837-1892). പഠിച്ചതും വളർന്നതും പഠിപ്പിച്ചതുമെല്ലാം പൊന്നാനിയിൽ തന്നെ. *ഖസീദതു കശ്ഫുൽ ഗവാമിള്, രിസാല ഹുക്മ് തർജമൽ ഖുർആൻ, രിസാല ഫീ ഹുക്മിൽ ഖാതിമി* എന്നിവയാണ് പ്രധാന കൃതികൾ. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിലും പൊന്നാനിയിൽ ജീവിച്ച മറ്റൊരു പ്രമുഖ അറബി സാഹിത്യകാരനാണ് മുഹമ്മദ് വമ്പിച്ചി മുസ്‌ലിയാർ (1882-1930). പൊന്നാനി ദർസിൽ പഠനം. അറബിഭാഷയിലും സാഹിത്യത്തിലും അഗാധജ്ഞാനിയായ ഇദ്ദേഹം മികച്ച കവി എന്ന നിലയിൽ പ്രസിദ്ധനാണ്. നിരവധി കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും പലതുമിന്ന് ലഭ്യമല്ല. *തഖ്മിസ് ഖസീദ, ഹംസമൗലീദ്, ഉമർ ബ്നു ഖത്താബ് മൗലീദ്, ഖുതുബത്തുന്നിക്കാഹ്, ഖസീദ മുഹ് ജിസത്ത്, ഖസീദ അഹ് വാലിൽ ഹശ്ർ* എന്നിവയാണ് പ്രധാന കൃതികൾ.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിക്കടുത്ത വാഴക്കാട് ജനിച്ച പണ്ഡിതനും സൂഫിയും കവിയുമാണ് വാഴക്കാട് മുഹമ്മദ് മുസ്‌ലിയാർ (1882-1945). അറബിഭാഷാനിപുണനായ ഇദ്ദേഹം നിരവധി കവിതകൾ രചിച്ചിട്ടുണ്ട്. ഒട്ടേറെ ആശംസാകവിതകളും അനുശോചനകവിതകളും വിലാപകാവ്യങ്ങളും ഇദ്ദേഹത്തിന്റേതായുണ്ട്. *മൗലീദു ഉമ്മഹാതുൽ മുത്തമിനീൻ, മൗലീദ് മുഹമ്മദ് മഖ്ദൂം, മൗലീദ് ഫീ മനാ ഖിബിൽ മുർസലീൻ, മൗലീദ് ഹശ്റതുൽ മുബശി റീൻ, ഖസീദതുൽ ബദ് രിയ്യ* എന്നിവയാണ് പ്രധാന പദ്യകൃതികൾ.



ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ ജീവിച്ച വളപ്പിൽ അബ്ദുൽ അസീസ് മുസ്‌ല്യാർ, വളപ്പിൽ അബ്ദുറഹിമാൻ മുസ്‌ലിയാർ എന്നീ സഹോദരന്മാരായ അറബ് കവികൾ പ്രത്യേക പരാമർശം അർഹിക്കുന്നവരാണ്. പണ്ഡിതനായ വളപ്പിൽ അബ്ദുള്ള കുട്ടി മുസ്‌ലിയാരുടെ ഈ രണ്ടു മക്കളും അറബിഭാഷയിലും സാഹിത്യത്തിലും അഗാധജ്ഞാനികളായിരുന്നു. വടുതലയിൽ മുദരിസായിരുന്നു അബ്ദുൽ അസീസ് മുസ്‌ലിയാർ. നവോത്ഥാനനായകരായ ശൈഖ് ഹമദാനി തങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദാജി എന്നിവർ സഹപാഠികളായിരുന്നു. ബദ്ർ മൗലീദ്, ഇൽമുൽ മആനി ബൈത്ത് എന്നീ കാവ്യങ്ങളുടെ കർത്താവാണ് ഇദ്ദേഹം. സഹോദരൻ അബ്ദുറഹിമാൻ മുസ്‌ലിയാരുടെ തുഹ്ഫതുൽ അബ്റാർ, റസൂൽ വഫാത്ത്, അൽ മജ് മൂഹ് ഫിത്ത സവ്വുഫ്, രിയാളുൽ ഹികം ഫീ മനാ ഖിബി ഇബ്റാഹി മുബ്നു അദ്ഹം എന്നീ കൃതികൾ ആസ്വാദകലോകം നെഞ്ചേറ്റിയവയാണ്.

**അറബി-മലയാള സാഹിത്യപാരമ്പര്യം**

അറബിലിപി ഉപയോഗിച്ച് മലയാളഭാഷ എഴുതുന്ന സമ്പ്രദായത്തെയാണ് അറബി-മലയാളം എന്നു പറയുന്നത്. കേരളത്തിലെ മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്ന ഈ എഴുത്തുരീതി എന്നു മുതലാണ് പ്രചാരത്തിൽ വന്നത് എന്നത് അജ്ഞാതമാണ്. എന്നാൽ വ്യക്തിത്വമുള്ളതും പൊതുഭാഷാധാരയിൽ മുങ്ങിപ്പോകാൻ ഇഷ്ടപ്പെടാത്തതുമായ ഒരു മതന്യൂനപക്ഷത്തിന്റെ ആത്മാവിഷ്കാരത്തിനുതകുന്ന ഒരു ഭാഷ എന്ന നിലയ്ക്കാണ് അറബി-മലയാളം ചരിത്രഗതിയിൽ രൂപപ്പെട്ടിട്ടുള്ളതെന്ന് ഡോ. കെ.എൻ. എഴുത്തച്ഛൻ നിരീക്ഷിക്കുന്നു.

ഇസ്‌ലാമും കേരളവും തമ്മിലുള്ള ബന്ധത്തിലാണ് അറബി-മലയാളം പിറന്നതും വളർന്നതും. ഇന്നത്തെ രീതിയിലുള്ള മലയാളലിപി രൂപപ്പെടുന്നതിനുമുമ്പേ അറബി-മലയാളം രൂപപ്പെട്ടിരുന്നു എന്നു വിശ്വസിക്കാൻ തെളിവുകളുണ്ട്. അറബി-മലയാളത്തിലെ കണ്ടുകിട്ടിയതിൽ ഏറ്റവും പഴക്കംചെന്ന കൃതിയായ *മൊഹിയദ്ദീൻ മാല*, മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛനു മുമ്പേ രചിക്കപ്പെട്ടതാണെന്ന് പ്രസ്തുതകാവ്യത്തിൽ സൂചനയുണ്ട്. കേരളത്തിലെത്തിയ ഇസ്‌ലാം മിഷണറിമാർക്ക് മതപരമായ വിഷയങ്ങൾ മാതൃഭാഷയിൽ പഠിപ്പിക്കുവാനും വൈജ്ഞാനികഗ്രന്ഥങ്ങളും മതവിധികളും എഴുതുവാനും ഒരു പ്രത്യേക ലിപി ആവിഷ്കരിക്കേണ്ടി വന്നു. അറബികൾ എത്തിച്ചേർന്ന പ്രദേശങ്ങളിലെല്ലാം ഇത്തരത്തിൽ പ്രാദേശികഭാഷകളുമായി അറബി അക്ഷരമാലയെ കൂട്ടിച്ചേർത്ത് പുതിയൊരു എഴുത്തുരീതി ആവിഷ്കരിക്കുവാൻ ശ്രമിച്ചതിനു തെളിവുകളുണ്ട്. അറബി-തമിഴ്, അറബി-കന്നട, അറബി-ബംഗാളി, അറബി-കാശ്മീരി,

അറബി-തുർക്കി, അറബി-മാലി, അറബി-പഷ്ത്തു, അറബി-സിന്ധി, അറബി-താഷ്ക്കന്റ് മുതലായവ ഉദാഹരണം.

പത്തൊൻപതാം നൂറ്റാണ്ടിൽ പൊതുമണ്ഡലം രൂപപ്പെടുകയും മാനക മലയാളം പൊതുവായിത്തീരുകയും ചെയ്യുന്നതു വരെയും മലയാളി മുസ്‌ലിംകൾ പൊതുവേ എല്ലാതരം വ്യാവഹാരികാവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നത് അറബിയും അറബി-മലയാളവുമാണ്. മുസ്‌ലിം നവോത്ഥാന പ്രസ്ഥാനങ്ങളും സാമൂഹികപരിഷ്കർത്താക്കളും തങ്ങളുടെ നവോത്ഥാനാശയങ്ങൾ പ്രചരിപ്പിക്കുവാൻ അറബി-മലയാളത്തെ സമർത്ഥമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ഇന്നത്തെ മലപ്പുറം ജില്ലയുടെ ഭൂപരിധിയിൽനിന്ന് അത്തരം നിരവധി പത്രമാസികകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പൊന്നാനിയിൽനിന്നു *സ്വലാഹുൽ ഇഖ്‌വാൻ* എന്നും തിരൂരിൽനിന്ന് *റഫീഖുൽ ഇസ്‌ലാം* എന്നും പേരായി സെയ്താലിക്കുട്ടിമാസ്റ്ററുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട പത്രങ്ങൾ ഉദാഹരണമാണ്. കേരള മുസ്‌ലിംകളിൽ നവോത്ഥാനകിരണങ്ങൾ എത്തിക്കുന്നതിൽ ഈ പത്രങ്ങൾ അനല്പമായ സംഭാവനകളർപ്പിച്ചിട്ടുണ്ട്. സ്വലാഹുൽ ഇഖ്വാൻ കമ്പനി എന്ന പേരിലുള്ള ഒരു സ്ഥാപനമായിരുന്നു ഇതിന്റെ മേൽനോട്ടം വഹിച്ചിരുന്നത്. 1899-ലാണ് *സ്വലാഹുൽ ഇഖ്‌വാൻ* പ്രസിദ്ധീകരണം ആരംഭിച്ചത്. ബഹുഭാഷാപണ്ഡിതനായ സെയ്താലിക്കുട്ടിമാസ്റ്റർ മുസ്‌ലിംകളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനായി *സ്വലാഹുൽ ഇഖ്‌വാനിൽ* സുദീർഘങ്ങളായ ലേഖനങ്ങൾ എഴുതിയിരുന്നു. *അൽ മുഅയ്യദ്, റിവ്യു ഓഫ് റിലീജ്യൻസ് ഹെൽത്ത് മാഗസിൻ* തുടങ്ങിയ അറബ്-ഇംഗ്ലീഷ് മാസികകളിൽനിന്നുള്ള ലേഖനങ്ങൾ വിവർത്തനം ചെയ്തദ്ദേഹം പ്രസിദ്ധീകരിച്ചു.

അറബി-മലയാളത്തിന്റെ ലിപിപരിഷ്കർത്താക്കളിൽ പ്രമുഖരായ പലരും ജീവിച്ചത് ഇന്നത്തെ മലപ്പുറം ജില്ലയിലാണ്. അറബി-മലയാളലിപിയുടെ ആദ്യകാലപരിഷ്കർത്താക്കളിൽ പ്രമുഖരാണ് മമ്പുറം സയ്യിദ് അലവി തങ്ങൾ, സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങൾ മുതലായവർ. അവരുടെ സമകാലികരും വിഖ്യാത മതപണ്ഡിതരുമായിരുന്ന വെളിയങ്കോട് ഉമർ ഖാളി, അവ്വക്കോയ മുസ്‌ലിയാർ, അണ്ടത്തോട് നിവാസി ശുജാഇ മൊയ്തു മുസ്‌ല്യാർ, സനാഉള്ള മക്തി തങ്ങൾ തുടങ്ങിയവർ പിൽക്കാലത്തെ ലിപിപരിഷ്കർത്താക്കളിൽ പ്രമുഖരാണ്. ആധുനിക മലയാളലിപിക്കനുയോജ്യമാംവിധം അറബി-മലയാള ലിപി പരിഷ്കരിച്ചത് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയാണ്.

കണ്ടുകിട്ടിയതിൽവെച്ച് ഏറ്റവും പഴക്കമുള്ള അറബി-മലയാള കൃതി 1607-ൽ രചിക്കപ്പെട്ട *മൊഹിയദ്ദീൻ മാല*യാണ്. ഖാളി മുഹമ്മദാണ് ഇതിന്റെ കർത്താവ്. ഈ കൃതിക്കു ശേഷമുള്ള ശ്രദ്ധേയമായ



ഗ്രന്ഥം *വെള്ളാട്ടി മസ്അല*യാണ്. ഈ കൃതിയുടെ കർത്താവാരെന്നു വ്യക്തമല്ല. എന്നാൽ കാവ്യപ്രമേയം, ഭാഷ എന്നിവയുടെ കാര്യത്തിൽ ഏറ്റവും കൂടുതൽ പ്രശംസയ്ക്കു വിധേയമായ രണ്ടു കാവ്യഗ്രന്ഥങ്ങൾ രസിക ശിരോമണി കുഞ്ഞായൻ മുസ്‌ലിയാർ രചിച്ച *കപ്പപ്പാട്ടും നൂൽ മദ്ഹു*മാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭദശകത്തിലാണ് കുഞ്ഞായൻ മുസ്‌ലിയാർ ജീവിച്ചത്. ഇദ്ദേഹത്തിന്റെ തട്ടകം പൊന്നാനിയായിരുന്നു. മനുഷ്യനെ കപ്പലിനോടുപമിക്കുകയാണ് കപ്പ(കപ്പൽ)പാട്ടിലൂടെ ചെയ്യുന്നത്. തത്ത്വചിന്താപ്രധാനമായ കാവ്യമാണിത്. മനുഷ്യജീവിതമാകുന്ന കപ്പൽ പ്രാപഞ്ചികാനുഭവമാകുന്ന ആഴക്കടലിൽ സഞ്ചരിച്ച് മോക്ഷത്തിന്റെ താവളം തേടുന്നതിനെയാണ് *കപ്പപ്പാട്ടിൽ* പറയുന്നത്. *നൂൽ മദ്ഹ്* പ്രവാചകപ്രകീർത്തനമാണ്. തമിഴ് മിശ്രിതമായ മലയാളമാണ് *നൂൽ മദ്ഹിൽ* കവി ഉപയോഗിച്ചിരിക്കുന്നത്.

അറബി-മലയാളത്തിലെ കാവ്യ-പാട്ടുരൂപമായ മാപ്പിളപ്പാട്ടിന്റെ ചരിത്രത്തിലെ ഏറ്റവും പ്രതിഭാധനനായ കവിയാണ് മോയിൻകുട്ടി വൈദ്യർ (1852-1892). അറബി, ഇംഗ്ലീഷ്, പാർസി, തമിഴ്, സംസ്കൃതം, കന്നഡ, ഹിന്ദി, ഉറുദു തുടങ്ങിയ ഭാഷകൾ ചെറുപ്രായത്തിൽത്തന്നെ വശത്താക്കി. വിവിധ ഭാഷകളിലുള്ള പ്രാവീണ്യവും സർഗ്ഗവൈഭവവുംകൊണ്ട് സങ്കരപദപ്രയോഗങ്ങൾ അണിയിച്ചൊരുക്കി ഇശലുകളുടെ ലോകത്ത് സ്വന്തം ഇടം പടുത്തുയർത്തിയ മാപ്പിളപ്പാട്ടുലോകത്തെ ആചാര്യനാണ് മോയിൻകുട്ടി വൈദ്യർ. *ബദർ പടപ്പാട്ട്, ബദ്റുൽ മുനീർ ഹുസ്നുൽ ജമാൽ, എലിപ്പട, ഒട്ടകത്തിന്റെയും മാനിന്റെയും കഥ, സലാശീൽ, ബൈത്തില്ല, ഹിജ്റ, കിളത്തിമാല, സ്വലീഖാ, ഉഹദ് പടപ്പാട്ട്, മുല്ലപ്പൂഞ്ചോലയിൽ, തീവണ്ടിച്ചിന്ത്, കറാമത്ത് മാല* എന്നിവയാണ് പ്രധാന കൃതികൾ. മോയിൻകുട്ടി വൈദ്യർ അവസാനം എഴുതിയത് *ഹിജ്റ* എന്ന കൃതിയാണ്. തന്റെ ഇരുപതാമത്തെ വയസ്സിലാണ് അദ്ദേഹം *ബദറുൽ മുനീർ ഹുസ്നുൽ ജമാൽ* എഴുതിയത്. പ്രണയം പ്രമേയമായി മാപ്പിളപ്പാട്ടുകൾ വന്നുതുടങ്ങിയത് ഈ കൃതിയോടെയാണ്. മോയിൻകുട്ടി വൈദ്യർ അറബി-മലയാളത്തിൽ എഴുതിയ ഈ പാട്ടുകാവ്യത്തിന്റെ ശീലുകളിൽ പലതും പിന്നീട് മധുരമൂറുന്ന ഗാനങ്ങളായി മാറിയിട്ടുണ്ട്. മലയാളസിനിമയിലും ഇത്തരം ഗാനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. *ആയിഷ* (1964), *ഓളവും തീരവും* (1970), *മരം* (1973), *1921* (1988), *വീരപുത്രൻ* (2011), *സലാല മൊബൈൽസ്* (2014) തുടങ്ങി പല മലയാളസിനിമകളും വൈദ്യരുടെ ഗാനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നാല്പതാം വയസ്സിലാണ് അദ്ദേഹം മരണപ്പെട്ടത്.

മാപ്പിളപ്പാട്ടുചരിത്രത്തിൽ ചുരുങ്ങിയ കാലംകൊണ്ട് നിരവധി ഈടുറ്റ കാവ്യങ്ങൾ രചിച്ച് അനശ്വരസ്ഥാനം കരസ്ഥമാക്കിയ കവിയാണ് വൈദ്യർ. അതേസമയം, 96 വയസ്സുവരെ ജീവിച്ച് 2000-ലേറെ



*പുലിക്കോട്ടിൽ ഹൈദർ*

മാപ്പിളപ്പാട്ടുകൾ രചിച്ച മഹാകവിയാണ് പുലിക്കോട്ടിൽ ഹൈദർ.

ഏറനാട് താലൂക്കിലെ ചെടങ്ങാംകുളം ദേശത്ത് 1879-ലാണ് പുലിക്കോട്ടിൽ ഹൈദർ ജനിച്ചത്. ജീവിതത്തിലെ എല്ലാ കാര്യങ്ങളും പാട്ടാക്കിപ്പറയുന്ന പൊതുസമ്പ്രദായം ഹൈദർ ജീവിച്ച കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. പൊതുകാര്യപ്രസക്തനും ഏറെ ജനസമ്പർക്കമുള്ള വ്യക്തിയുമായിരുന്ന ഹൈദറിനും ഈ പൊതുസമ്പ്രദായത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ സാധിക്കുമായിരുന്നില്ല. നാടൻശൈലിയിൽ, ജനങ്ങളുടെ പ്രശ്നങ്ങളുടെ ദൃക്സാക്ഷിവിവരണംപോലെ അദ്ദേഹം അദ്ദേഹം രചിച്ചിരുന്ന പാട്ടുകൾക്ക് അസാധാരണമായ പ്രചാരണം ലഭിക്കാൻ ഏറെക്കാലമെടുത്തില്ല. അദ്ദേഹത്തിന്റെ കൃതികളിൽ ബഹുഭൂരിപക്ഷവും അപ്രകാശിതങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് പാട്ടുകൾ പലസ്ഥലങ്ങളിൽനിന്നായി ശേഖരിച്ച് *തെരഞ്ഞെടുത്ത പുലിക്കോട്ടിൽ കൃതികൾ* എന്നൊരു ഗ്രന്ഥം എം.എൻ. കാരശ്ശേരി എഡിറ്ററായി 1979-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതങ്ങളായ സമാഹാരങ്ങൾ: *കലിയുഗം, പരിഷ്കാര മാല, പ്രേമ, കല്ലൈ, കേരളചരിത്രം രസകരമായൊരു സർക്കീട്ട്, കോലാർ യാത്ര, നരിനായാട്ട്* തുടങ്ങിയവയാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിലും ജീവിച്ച ബഹുഭാഷാപണ്ഡിതനായ എഴുത്തുകാരനാണ് ശുജായി മൊയ്തു മുസ്‌ലിയാർ (1861-1919). പൊന്നാനിക്കടുത്ത അണ്ടത്തോട് സ്വദേശിയാണ് ഇദ്ദേഹം. എരമംഗലം, വെളിയങ്കോട്, പൊന്നാനി ദർസുകളിലാണ് പഠിച്ചത്. സാധാരണക്കാർക്കായി രചിച്ച സൂഫികാവ്യമായ *സഫലമാല* (1899) അദ്ദേഹത്തെ ജനകീയ കവിയാക്കി മാറ്റി. *മഹ്ദനുൽ ജവാഹിർ മഹാരത്നമാല, മനാഫിഉൽ മൗത്, നഹ് ജുദ് ദഖാഇഖ്* എന്നീ കാവ്യങ്ങൾക്കു പുറമേ *ഫൈളുൽ ഫയ്യാള്, ഫത്ഹുൽ ഫത്താഹ്* (മൂന്ന് വാള്യം) എന്നീ ചരിത്രഗ്രന്ഥങ്ങളും മൊയ്തുമുസ്‌ലിയാർ രചിച്ചിട്ടുണ്ട്.

ബഹുഭാഷാപണ്ഡിതനായ മറ്റൊരു പ്രമുഖ അറബി-മലയാളം കവിയാണ് ഖാളിയാരകത്ത് കുഞ്ഞാവ (1814-1885). പൊന്നാനിയിലാണ് ജനനം. അറബി, തമിഴ്, സംസ്കൃതം ഭാഷകളിൽ പ്രാവീണ്യം. *ഉമ്മഹാത്തുമാല* (കല്യാണപ്പാട്ടുകളുടെ സമാഹാരം) *ഖിസ്സത്തുൽ മഹ്മൂദിയ്യ ഫീ മദ്ഹി സൗജാത്തിന്നബിയ്യ* എന്ന താഹിറാത്ത് മാല, *മിഹ്റാജ് പാട്ട്, പുതുഹുൽ ബഹ്നസ്, ഫുതൂഹ് കിസ്റാ വ ഖൈസർ, ശൈഖ് നൂറുദ്ദീൻ മാല, ജമലുല്ലൈലി മാല, മദിരപ്പൂമാല* എന്നിവയാണ് പ്രധാന രചനകൾ. 1885-ൽ ചാലിയത്തുവെച്ച് മരണപ്പെട്ടു.

പൊന്നാനിദേശക്കാരനായ മറ്റൊരു പ്രമുഖ അറബി-മലയാളം, അറബി സാഹിത്യകാരനാണ് മാളിയേക്കൽ കുഞ്ഞഹമ്മദ് സാഹിബ് (1842-1905). അറബി, ഉറുദു, പാർസി ഭാഷാപണ്ഡിതനായിരുന്നു. *യസീദ് പടപ്പാട്ട്, ഹുസൈൻ മഹാകാവ്യം* എന്നീ കാവ്യങ്ങൾ പ്രസിദ്ധം. മികച്ച ഗായകനും പ്രഭാഷകനുമായിരുന്നു. *സബീലുന്നജാത്ത്, അൽ ബലാഗുൽ മുബീൻ* എന്നീ അറബ് ഗ്രന്ഥങ്ങളുടെ കർത്താവു കൂടിയാണ്. പൊന്നാനി അലി സാഹിബ് (1848-1911). പാർസി, തമിഴ്, അറബി ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന കവിയായിരുന്നു. *അബ്ദുറഹ്മാൻ ഖിസ്സപ്പാട്ട്, ചെറിയ കയ്യോടപ്പാട്ട്, താജുൽ മുലൂക്ക്, താജുൽ ഉമ്മർ, മദീനത്തു നജ്ജാർ* എന്നിവയാണ് പ്രധാന കൃതികൾ. മമ്പാട് സ്വദേശിയായ കുഞ്ഞിരായിൻ ഒരു കാലഘട്ടത്തിലെ നിമിഷകവികളിൽ പ്രമുഖനാണ്. ഇദ്ദേഹം രചിച്ച *ബദർ മാല* ഏറെ പ്രസിദ്ധമാണ്. ഇസ്‌ലാമികചരിത്രത്തിലെ പ്രധാനപ്പെട്ട ഏടായ ബദർ യുദ്ധചരിത്രമാണ് ഈ കാവ്യത്തിലെ പ്രമേയം. *മൊഹയദ്ദീൻ മാല*പോലെ ഒരുകാലത്ത് പ്രചാരമുണ്ടായിരുന്ന മാലപ്പാട്ടാണ് *നഫീസത്ത് മാല*. പൊന്നാനി സ്വദേശിയായ നാലകത്ത് കുഞ്ഞിമൊയ്ദീൻ കുട്ടിയാണിതിന്റെ കർത്താവ്. ഈ മാലപ്പാട്ട് പാടിയാൽ സ്ത്രീകൾക്ക് സുഖപ്രസവം സാദ്ധ്യമാവും എന്ന് വിശ്വസിക്കപ്പെട്ടിരുന്നു.

വിവർത്തകനും അറബി-മലയാള ഗ്രന്ഥകാരനുമായിരുന്നു വെളിയങ്കോട് ഹസ്സൻ മുസ്‌ലിയാർ. *സീനതജൽ ബാരി, ഖിസ്സതു ഹസനു സാഇഖുൽ ബസരി* എന്നീ കൃതികൾ അറബി-മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. *അഹ്കാമുസ്സലാത്ത്* എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്. 1943-ൽ മരണപ്പെട്ടു. പൊന്നാനിക്കടുത്ത കടിക്കാട് സ്വദേശിയായ തേനാട്ടിക്കൽ അബ്ദുൽ ഖാദിർ മുസ്‌ലിയാർ ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ച പ്രമുഖ പണ്ഡിതനും അറബി-മലയാളം എഴുത്തുകാരനുമാണ്. *ഇത്തിഫാഖുൽ മുമ്തദിഈൻ, ബുശ്റൽ കഊബ്, ഫത്ഹുൽ മുബീൻ, അമ്മ ജുസ്ഹ് വ്യാഖ്യാനം* എന്നിവയാണ് പ്രധാന കൃതികൾ. *അഹ്കാമുന്നികാഹ്, പത്ത് കിതാബ്, സൈഫുൽ മുലൂഖ്* എന്നീ കൃതികൾ അറബി-മലയാളത്തിലേക്ക് മൊഴിമാറ്റിയിട്ടുണ്ട്. 1950-ൽ മരണപ്പെട്ടു.

അറബി-മലയാള സാഹിത്യകാരനും പണ്ഡിതനും പ്രഭാഷകനും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്നു കോടഞ്ചേരി മരയ്ക്കാർ മുസ്‌ലിയാർ (1843-1933). പൊന്നാനി ദർസിൽ പഠനം. നിരവധി കാ

വ്യങ്ങൾ രചിച്ചിട്ടുണ്ട്. *മൂസാഫിർഔൻ ഖിസ്സപ്പാട്ട്, ബദർ ബൈത്, ബദർ മാല, ഉഹ്ദ് മാല, ഫാതിമമാല, ഉമർഖാസിമാല, ദുരാചാര മർദ്ദനം* എന്നിവയാണ് പ്രധാന കാവ്യങ്ങൾ.

അറബി-മലയാളത്തിൽ പുരുഷന്മാരെപ്പോലെത്തന്നെ നിരവധി സ്ത്രീ എഴുത്തുകാരികളുമുണ്ടായിട്ടുണ്ട്. പി.കെ. ഹലീമ അവരിൽ പ്രധാനിയാണ്. മാപ്പിളപ്പാട്ടുകൾ ബാല്യകാലംമുതലേ കേട്ട് അതിലേക്ക് ആകൃഷ്ടയായിരുന്ന ഹലീമ അതിമനോഹരമായി പാടുകയും സുന്ദരമായി ഗാനാവിഷ്കരണം നടത്തുകയും ചെയ്തിരുന്നു. കല്യാണപ്പാട്ടുകളും കത്തുപാട്ടുകളുമായി തന്റെ കാവ്യരചനാപാടവം പ്രകടമാക്കിയ അവർ ധാരാളം കൃതികളുടെ കർത്താവാണ്. ഹലീമാബീവി അറബി-മലയാളത്തോടൊപ്പം മലയാളവും പരിശീലിച്ചിരുന്നതുകൊണ്ട് ശാലീനമായ ഭാഷാശൈലിയിൽ ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. *ബദ്റുല് മുനീർ ഒപ്പനപ്പാട്ട്, ചന്ദിര സുന്ദരിമാലപ്പാട്ട്, പൊരുത്തം, ബീ ആയിശ, രാജമംഗലം* മുതലായ അവരുടെ കൃതികൾ മാപ്പിളകാവ്യലോകത്ത് പ്രശസ്തമാണ്. മലപ്പുറം ജില്ലയിലെ പുത്തൂർ സ്വദേശിയായ പുത്തൂർ ആമിന, മംഗലപ്പാട്ടുകളും ഖിസ്സപ്പാട്ടുകളും രചിച്ചിട്ടുള്ളവരിൽ പ്രമുഖയാണ്. ചെറുപ്പംമുതൽ മാപ്പിളപ്പാട്ടിന്റെ മാസ്മരികസൗന്ദര്യത്തിൽ ആകൃഷ്ടയായിരുന്ന ആമിന, ധാരാളം ഖിസ്സപ്പാട്ടുകളും കത്തുപാട്ടുകളും മംഗലപ്പാട്ടുകളും രചിച്ചിട്ടുണ്ട്. ആമിനയും അഹമ്മദ് എന്ന യുവാവും തമ്മിൽ കൈമാറിയ കത്തുപാട്ടുകൾ ഏറെ പ്രസിദ്ധങ്ങളായി. ഖിലാഫത്ത് ലഹളയിൽ പങ്കെടുത്തതിന്റെ പേരിൽ ശിക്ഷയനുഭവിച്ച് ബെല്ലാരി ജയിലിൽ കഴിഞ്ഞിരുന്ന ആമിനയുടെ പിതാവിനോടൊപ്പം ശിക്ഷിക്കപ്പെട്ട ആളായിരുന്നു അഹമ്മദ്. ബാപ്പയും മകളും അന്യോന്യം കത്തുപാട്ടുകൾ നടത്തിയിരുന്നു. ഇവ അയച്ചിരുന്നത് പദ്യരൂപത്തിലായിരുന്നു. ആമിനയുടെ സുന്ദരശൈലിയും ആവിഷ്കാരഭംഗിയും അഹമ്മദിന് ആമിനയിൽ ആരാധനയും അനുരാഗവും വളർത്തി. ജയിൽമോചിതനായി അദ്ദേഹം പ്രണയാഭ്യർത്ഥനയുമായി മാപ്പിളപ്പാട്ടുരീതിയിൽ പല കത്തുകളും അയച്ചു. അവസാനം അത് ഭീഷണിയോളം എത്തിയപ്പോൾ ആമിന കൊടുത്ത ചുട്ട മറുപടിപ്പാട്ട് സമകാലികരുടെയൊക്കെ പ്രശംസയ്ക്കു പാത്രീഭൂതമായി. പുരുഷകേന്ദ്രീകൃതമായ കുടുംബഘടനയോടുള്ള വിമർശനവും അമർഷവും പ്രകടമാക്കുന്നതാണ് ഈ പാട്ട്. 1921-ൽ രചിച്ച ഈ കാവ്യം മലയാളത്തിലെ ആദ്യകാല സ്ത്രീപക്ഷ രചനകളിൽ ഒന്നാണ്.

### ഗ്രന്ഥസൂചി


1. അബു, ഒ. *അറബിമലയാളസാഹിത്യചരിത്രം*. സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1970
2. അഹമ്മദ് മൗലവി സി.എൻ. മുഹമ്മദ് അബ്ദുൽകരീം കെ.കെ. *മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം*. ആസാദ് ബുക്സ്റ്റാൾ കോഴിക്കോട്, 1978
3. കുട്ടി വി.എം. *മാപ്പിളപ്പാട്ട്: ചരിത്രവും വർത്തമാനവും*. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
4. കെ.കെ.എൻ. കുറുപ്പ്. ഡോ. പി.കെ. പോക്കർ, *മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ: അധിനിവേശവിരുദ്ധചരിത്രത്തിലെ നിത്യസാന്നിദ്ധ്യം*. ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2006
5. എരുമേലി പരമേശ്വരൻ പിള്ള. *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ*. ഡി.സി. ബുക്സ്, കോട്ടയം, 2016
6. കെ.എൻ. പണിക്കർ. *മലബാർ കലാപം: പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കുമെതിരേ*. ഡി.സി. ബുക്സ്, കോട്ടയം, 2004
7. ബാലകൃഷ്ണൻ വള്ളിക്കുന്ന്. *മാപ്പിളസംസ്കാരത്തിന്റെ കാണാപ്പുറങ്ങൾ*,. ക്യാപിറ്റൽ ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2000
8. ബാലകൃഷ്ണൻ വള്ളിക്കുന്ന്, *മാപ്പിളപ്പാട്ട്: ഒരാമുഖപഠനം*. പൂങ്കാവനം ബുക്സ്, കോഴിക്കോട്, 1999
9. ബാലകൃഷ്ണൻ വള്ളിക്കുന്ന്, ഉമർ തറമേൽ. *മാപ്പിളപ്പാട്ട്: പാഠവും പഠനവും*. ഡി.സി. ബുക്സ്, കോട്ടയം, 2006
10. കെ.കെ. മുഹമ്മദ് അബ്ദുൽ കരീം. *മഹാകവി മോയിൻകുട്ടി വൈദ്യരുടെ സമ്പൂർണ്ണ കൃതികൾ*. ഒന്നാം വോള്യം, മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകകമ്മിറ്റി, കൊണ്ടോട്ടി, 2005
11. മുഹമ്മദലി വി.പി. *മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ*. കറന്റ് ബുക്സ്, കോട്ടയം, 2007
12. മുഹമ്മദ് കുഞ്ഞി പി.കെ. *മുസ്ലിംകളും കേരളസംസ്കാരവും*. കേരള സാഹിത്യ അക്കാദമി, തൃശൂർ, 1982
13. മുജീബുറഹ്മാൻ കിനാലൂർ. *മതമൈത്രിയും കേരള മുസ്ലീംകളും*. യുവത ബുക് ഹൗസ്. കോഴിക്കോട്, 2002
14. ശ്രീധരമേനോൻ എം. *കേരളചരിത്രം*. എസ്. വിശ്വനാഥൻ (പ്രിന്റേഴ്സ് ആൻഡ് പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്), ചെന്നൈ, 2005
15. സെയ്തുമുഹമ്മദ് പി.എ. *കേരള മുസ്ലിം ചരിത്രം*. അൽഹുദാ ബുക്സ്റ്റാൾ, കോഴിക്കോട്, 1996
16. ഹുസൈൻ രണ്ടത്താണി. *മാപ്പിളമലബാർ*. ഇസ്ലാമിക് പബ്ലിഷിങ് ബ്യൂറോ, കോഴിക്കോട്, 2006
17. അബ്ദുറഹിമാൻകുട്ടി ടി.വി. *മലബാറിലെ മക്ക*. എഡ്യുമാർട്ട് ബുക്സ്, തിരൂരങ്ങാടി, 2000
18. അബ്ദുറഹിമാൻകുട്ടി ടി.വി. *ചരിത്രമുറങ്ങുന്ന പൊന്നാനി* (മൂന്നാം പതിപ്പ്). എഡ്യുമാർട്ട് ബുക്സ്, തിരൂരങ്ങാടി, 2005
19. അബ്ദുറഹിമാൻകുട്ടി ടി.വി. *പൊന്നാനി: പൈതൃകവും നവോത്ഥാനവും*. പൂങ്കാവനം ബുക്സ്, കോഴിക്കോട്, 1998
20. ഹുസൈൻ കെ.ടി. *കേരള മുസ്ലിംകൾ: അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രം*. ഐ.പി.എച്ച്., കോഴിക്കോട്, 2014
21. ഹുസൈൻ രണ്ടത്താണി. *മലബാറിലെ മുസ്ലിംകളും ഇടതുപക്ഷവും*. ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2014
22. കരിം സി.കെ. *ഫ്രാൻസിസ് ബുക്കാനന്റെ കേരളം*. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1981
23. ഹക്കീം സയ്യിദ് ശംസുല്ല ഖാദിരി. *പ്രാചീന മലബാർ*. മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2017
24. സെയ്തുമുഹമ്മദ്, പി.എ. *കേരള മുസ്ലിം ചരിത്രം*. അൽ ഹുദ ബുക്സ്റ്റാൾ, കോഴിക്കോട്, 1988



*അസിസ്റ്റന്റ് പ്രൊഫസർ, മലയാളം വകുപ്പ്, ഫറൂക്ക് കോളെജ്*